(സി) 30 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) വ്യക്തികളല്ല, അതത് വികസന മേഖലയിലെ വിദഗ്ദരുടെ ഗ്രൂപ്പുകളാണ് പുസ്തകം തയ്യാറാക്കിയത്.

(ഇ) പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് മാത്രമായി പ്രതിഫലം നൽകിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ നിയമനം

107 [5252] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ പുനർ വിന്യാസം പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഓരോ ജില്ലയിലും ഇതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം പ്രത്യേകം വിശദമാക്കാമോ;

(സി) ഓരോ ജില്ലയിലും ഇതിന്റെ ഭാഗമായി നിയമിച്ചിട്ടുള്ളവരുടെ എണ്ണവും അതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) ഭൂരിഭാഗം തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതുമൂലം ത്രിതല പഞ്ചായത്തുകളുടെ പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) പുതിയ തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല.

(സി) ഇപ്പോഴുംനിയമനം നടന്നുകൊണ്ടിരിക്കുന്നതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കുവാൻ ആ സ്ഥാനങ്ങളിൽ ചുമതലയേറ്റ ഉദ്യോഗസ്ഥർക്ക് ഉദ്യോഗസ്ഥൻമാരില്ലാത്ത സ്ഥലങ്ങളുടെ അധിക ചുമതല നൽകിക്കൊണ്ട് ചീഫ് എൻജിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ഫണ്ട്

108 [5253] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ഫണ്ട് എത്ര പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) അവയുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് മുഖേന ശേഖരിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly